നമ്പർ.സി2/12074/റ്റി.സി/2009

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം.
തീയതി: 08.07.2009

പ്രേഷകൻ

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും,
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും. (N/C)

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ് – സ്കൂൾ പരിസരങ്ങളിലുണ്ടാകുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ - നിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന: ട്രാൻസ്പോർട്ട് കമ്മീഷണറുടെ നിർദ്ദേശം

സൂചനപ്രകാരം, സ്കൂൾ പരിസരങ്ങളിലുണ്ടാകുന്ന വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ബഹു: ട്രാൻസ്പോർട്ട് കമ്മീഷണർ നൽകിയിരിക്കുന്ന നിർദ്ദേശങ്ങളുടെ ഒരു പകർപ്പ് താങ്കളുടെ അറിവിലേക്കും, അടിയന്തിര നടപടികൾക്കായി ഒപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
ഒപ്പ്
സീനിയർ ഡി.റ്റി.സി (ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്കുവേണ്ടി

അംഗീകാരത്തോടെ,

സീനിയർ സൂപ്രണ്ട്
കെ.എസ്.

P.T.O

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും സ്വന്തം ജില്ലയ്ക്കകത്ത്

1. വേഗത പരിധി/ഹോൺ നിയന്ത്രണം എന്നിവ കാണിക്കുന്ന School Warning Board കൾ സ്കൂളിന്റെ പരിസരത്തുള്ള Public Road ന്റെ ഇരുവശത്തും ഇല്ലാത്ത സ്കൂളുകൾ ഏവ എന്നു കണ്ടുപിടിച്ച് റിപ്പോർട്ട് നൽകേണ്ടതും ആയതു Secretary, STA Road Safety Fund ൽ നിന്നും നിർമ്മിച്ചുകൊടുക്കുവാനും ഉടൻ ഏർപ്പാടാക്കണം.
2. സ്കൂൾ വിടുന്ന സമയങ്ങളിൽ ട്രാഫിക് സിഗനലുകൾ ഇല്ലാത്ത സ്കൂളുകൾ ഏവ എന്നും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ റിപ്പോർട്ടാക്കണം.
3. ഡ്രൈവർമാരുടെയോ, യാത്രക്കാരുടെയോ,കാൽനടയാത്രക്കാരുടെയോ ശ്രദ്ധ വ്യതിചലിക്കപ്പെടുന്ന വിധത്തിലുള്ള ബാനറുകളും, പരസ്യബോർഡുകളും സ്കൂളുകൾക്കു സമീപമുണ്ടോ, ഉണ്ടെങ്കിൽ ആയതു നീക്കം ചെയ്യാതെ തുടരുന്നുണ്ടോ എന്ന് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ വ്യക്തമാക്കണം
4. 15 വർഷത്തിലേറെ പഴക്കമേറിയ വാഹനങ്ങൾ സ്കൂൾ സർവ്വീസിന് ഉപയോഗിക്കുന്നുണ്ടോ എന്നതു അന്വേഷിച്ചു അത്തരം വാഹനങ്ങൾ ഇപ്പോഴും സർവ്വീസിലുണ്ടെങ്കിൽ ടി വിവരം റിപ്പോർട്ടാക്കണം
5. സ്കൂൾ കുട്ടികളെ കുത്തിനിറച്ചുകൊണ്ടുപോകുന്ന ഓട്ടോറിക്ഷാ, ടാക്സി, കോൺട്രാക്ട് ക്യാരേജ് എന്നിവർക്കെതിരെ ഡിപ്പാർട്ട്മെന്റൽ നടപടി എടുത്തത് റിപ്പോർട്ടാക്കണം.
6. ഈ നടപ്പുവർഷം 2009ൽ അപായ സൂചന നൽകുന്ന സിഗനലുകളെ അവഗണിച്ച് സ്കൂൾ മേഖലകളിൽ അപകടമുണ്ടാക്കി, കുട്ടികളുടെ മരണത്തിനും, പരിക്കുകൾക്കും ഉത്തരവാദികളായ ഡ്രൈവർമാരുടെ ഡ്രൈവിംഗ് ലൈസൻസ്, ബാഡ്ജ് എന്നിവ സസ്പെന്റ് ചെയ്തിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ റിപ്പോർട്ടാക്കണം